REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-05-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ജമ്മുകശ്മീരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രാജ്യത്തിന് നീണ്ട കാലത്തെ വ്യക്തമായ ദേശീയ നിലപാടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.
- ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ഇന്ന് സ്ഥാനമേൽക്കും.
- കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ദുരിതബാധിതരുടെ പുനരധിവാസം മികച്ച രീതിയിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഇന്ന് കോഴിക്കോട് ആകാശവാണി നിലയത്തിന്റെ 76-ാം പിറന്നാൾ ദിനം.
- ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നാളെ അവസാനിക്കാനിരിക്കെ 46 സ്വർണം സ്വന്തമാക്കി മഹാരാഷ്ട്ര ഏറെ മുന്നിൽ.

## വാർത്തകൾ വിശദമായി

ജമ്മുകശ്മീരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രാജ്യത്തിന് നീണ്ട കാലത്തെ വ്യക്തമായ ദേശീയ നിലപാടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയും പാകിസ്ഥാനും ഉഭയകക്ഷി തലത്തിൽ പരിഹരിക്കേണ്ട വിഷയമാണിതെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ഡൽഹിയിൽ പറഞ്ഞു. പാകിസ്ഥാൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഇന്ത്യൻ പ്രദേശം വിട്ടുകിട്ടുന്നത് മാത്രമാണ് ശേഷിക്കുന്ന പ്രധാന വിഷയമെന്നും ജെയ്സ്വാൾ വിശദീകരിച്ചു.

പാകിസ്ഥാൻ അതിർത്തി കടന്നു നടത്തുന്ന ഭീകരവാദം പൂർണമായി അവസാനിപ്പിക്കുന്നതുവരെ സിന്ധു നദീജല കരാർ നിർത്തിവെക്കാനാണ് കേന്ദ്രത്തിന്റെ തീരുമാനമെന്നും വക്താവ് അറിയിച്ചു. ഇന്ത്യ- പാക് സംഘർഷം ഒഴിവാക്കാൻ ഇന്ത്യയും അമേരിക്കയും ചർച്ച നടത്തിയിട്ടില്ലെന്നും രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

അതിനിടെ, ഡൽഹി പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ ഒരു ഉദ്യോഗസ്ഥനോട് 24 മണിക്കൂറിനകം രാജ്യം വിടാൻ വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു.

✪✪✪

ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ഇന്ന് സ്ഥാനമേൽക്കും. രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കുന്ന പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കും. ഇന്നലെ സ്ഥാനമൊഴിഞ്ഞ ജസ്റ്റിസ് സഞ്ജീവ് ഖന്നയ്ക്കു പകരമാണ്, ജസ്റ്റിസ് BR ഗവായിയുടെ നിയമനം.

✪✪✪

ആയുർവേദ ദിനം എല്ലാ വർഷവും സെപ്റ്റംബർ 23 ആക്കി മാറ്റാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. നേരത്തെ ദീപാവലിയോട് അനുബന്ധിച്ച ധന്തേരസ് ദിനത്തിലായിരുന്നു ആയുർവേദ ദിനം ആചരിച്ചുപോന്നത്. ആയുർവേദത്തെ ശാസ്ത്രീയവും പരീക്ഷിച്ചറിഞ്ഞതുമായ ഹോളിസ്റ്റിക് ചികിത്സാരീതിയെന്ന നിലയിൽ രോഗപ്രതിരോധത്തിനും, ആരോഗ്യജീവിതത്തിനും ഉപയോഗപ്പെടുത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

ധന്തേരസ് ദിനം ഒക്ടോബർ 15നും നവംബർ 12 നുമിടയിൽ മാറിക്കൊണ്ടിരിക്കുന്നതിനാൽ ദേശീയ- അന്തർദേശീയ തലങ്ങളിൽ ദിനാചരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് കൃത്യമായ തീയതി നിശ്ചയിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ദുരിതബാധിതരുടെ പുനരധിവാസം മികച്ച രീതിയിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. വീട് പൂർണമായി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതവും മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ വീതവും നൽകും.

488 കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 10,000 രൂപയും, ജീവനോപാധി നഷ്ടപ്പെട്ട 77 കുടുംബങ്ങൾക്ക് ദിവസം 300 രൂപ വീതവും ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ടെന്ന് കോഴിക്കോട്ട് സംവാദ പരിപാടിയിൽ മുഖ്യമന്ത്രി പറഞ്ഞു. വയനാട് തുരങ്കപാതയ്ക്ക് തടസ്സങ്ങളില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇതിനാവശ്യമായ ഭൂമി

ഏറ്റെടുക്കുകയും, പൂർത്തീകരിക്കുകയും EPC ടെൻഡർ നൽകുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് സൈബർ പാർക്കിൽ 885 കോടി രൂപയുടെ സ്വകാര്യ നിക്ഷേപത്തിന് കമ്പനികൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും, ഇതുവഴി 15,000 ത്തോളം തൊഴിലവസരങ്ങൾ ലഭ്യമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ സാഹിത്യ പ്രതിഭകളെ അടയാളപ്പെടുത്തുന്ന മലബാർ ലിറ്റററി സർക്യൂട്ടിന്റെ ആദ്യഘട്ടമായ ബേപ്പൂർ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന ധാരണ മാറ്റി വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ LDF ഗവൺമെന്റിന് കഴിഞ്ഞെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രണ്ടാം LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തോട് അനുബന്ധിച്ച് കോഴിക്കോട്ട് LDF റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവകേരളം എന്നത് സർവതല സ്പർശിയായ വികസനമാണെന്നും, എല്ലാവർക്കും വികസനത്തിന്റെ സ്വാദ് അനുഭവിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ വികസനത്തിന് കിഫ്ബി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് വലിയ നേട്ടമാണെന്നും, 90,000 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി പൂർത്തിയാക്കിയതെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിലൂടെ പാക് ഭീകരതയ്ക്ക് ശക്തമായ സന്ദേശം നൽകിയ ഇന്ത്യൻ സൈന്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അഭിവാദ്യം അർപ്പിച്ചു ബി ജെ പി യുടെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിക്കും. വൈകിട്ട് അഞ്ചിന് മ്യൂസിയം ജങ്ഷനിൽ നിന്നാരംഭിക്കുന്ന തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ദേശസ്നേഹികളും അണിചേരും. ത്രിവർണ്ണപതാകയുമേന്തി പദയാത്ര പാളയം രക്തസാക്ഷി മണ്ഡപത്തിൽ സമാപിക്കും. പഹൽഗാമിൽ ഭീകരർ കൊലപ്പെടുത്തിയവർക്കും ഓപ്പറേഷൻ സിന്ദൂറിൽ വീരബലിദാനികളായവർക്കും ചടങ്ങിൽ ആദരാഞ്ജലി അർപ്പിക്കും. കാർഗിൽ വീരയോദ്ധാവ് മേജർ ജെറി പ്രേം രാജിന്റെ മാതാവ് അടക്കം ത്രിവർണ്ണ സ്വാഭിമാന യാത്രയിൽ അണിചേരും. സംസ്ഥാനത്ത് എല്ലാ, ജില്ലാ, മണ്ഡലം, പഞ്ചായത്ത് തലങ്ങളിലും ദേശസ്നേഹികൾ ത്രിവർണ്ണ സ്വാഭിമാന യാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

സെമി കണ്ടക്ടർ രൂപ കൽപ്പന ചെയ്യുന്ന രണ്ടു കേന്ദ്രങ്ങൾ ഡൽഹി നോയിഡയിലും, ബംഗളൂരുവിലും കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു. അത്യാധുനിക മൂന്ന് നാനോ മീറ്റർ ചിപ്പ് രൂപകൽപ്പന ചെയ്യാൻ കഴിയുന്ന രാജ്യത്തെ ആദ്യ കേന്ദ്രങ്ങളായിരിക്കും ഇവയെന്ന് അശ്വനി വൈഷ്ണവ് പറഞ്ഞു. സെമി കണ്ടക്ടർ നവീകരണത്തിന് ആഗോളതലത്തിൽ നാഴികക്കല്ലായി കേന്ദ്രങ്ങൾ മാറുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ഇന്ന് കോഴിക്കോട് ആകാശവാണി നിലയത്തിന്റെ 76-ാം പിറന്നാൾ ദിനം. സാർത്ഥകവും സർഗാത്മകവുമായ പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ കോഴിക്കോട് നിലയം പൂർത്തിയാക്കി.

ഒരു റിപ്പോർട്ട്

...(വോയ്സ്)......

കേരളത്തിന്റെ സാഹിത്യ- സാംസ്കാരിക- കലാ രംഗങ്ങളിൽ മായാമുദ്രകൾ പതിച്ച കോഴിക്കോട് നിലയം 1950 മെയ് 14 ന് വൈകിട്ട് 5-15 ന് സായാഹ്ന പ്രക്ഷേപണത്തോടെയാണ് മലബാറിന്റെ ശബ്ദമായി മാറിയത്. തിരുവനന്തപുരത്തിന് ശേഷം കേരളത്തിലെ രണ്ടാമത്തെ റേഡിയോ നിലയമായി കോഴിക്കോട് ചുവടുറപ്പിച്ചു.

മഹാരഥൻമാരായ പ്രക്ഷേപകരും, കലാപ്രവർത്തകരും, സാങ്കേതിക വിദഗ്ധരും ചേർന്ന് സൃഷ്ടിച്ച സുവർണ കാലത്തിന്റെ ചരിത്രമാണ് 75 വർഷങ്ങളിലെ ശബ്ദതരംഗങ്ങൾ ശ്രോതാക്കൾക്ക് സമ്മാനിച്ചത്. മാധ്യമ രംഗത്തെ വെല്ലുവിളികൾ അതിജീവിച്ച് റേഡിയോ എന്ന വികാരം കേൾവിക്കാരിലേക്ക് പകരുന്ന കോഴിക്കോട് നിലയത്തിന്റെ 75-ാം വാർഷികാഘോഷങ്ങൾ വരുംദിവസങ്ങളിലും തുടരും.

✪✪✪

കരിപ്പൂരിൽ നിന്നും കണ്ണൂരിൽ നിന്നുമായി അഞ്ച് വിമാനങ്ങളിൽ 859 തീർത്ഥാടകർ ഇന്ന് ഹജ്ജിന് യാത്ര തിരിക്കും. കരിപ്പൂരിൽ നിന്ന് മൂന്ന് വിമാനങ്ങളും, കണ്ണൂരിൽ നിന്ന് രണ്ട് വിമാനങ്ങളാണ് ഇന്ന് സർവീസ് നടത്തുന്നത്. കോഴിക്കോട് നിന്ന് പുലർച്ചെ 12.40 ന് ആദ്യവിമാനം പുറപ്പെട്ടു. രണ്ടാമത്തെ വിമാനം രാവിലെ 7.40 ന് പുറപ്പെടും. വൈകിട്ട് 4-50 നാണ് മൂന്നാമത്തെ സർവീസ്.

കണ്ണൂരിൽ നിന്ന് പുലർച്ചെ നാലിന് ആദ്യ സർവീസ് പുറപ്പെട്ടു. രണ്ടാമത്തെ സർവീസ് 7.25 നാണ്.

✪✪✪

**ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നാളെ അവസാനിക്കാനിരിക്കെ 46 സ്വർണം സ്വന്തമാക്കി മഹാരാഷ്ട്ര ബഹുദൂരം മുന്നിലെത്തി.**

**19 സ്വർണമുൾപ്പെട 42 മെഡലുകൾ നേടിയ രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 17 സ്വർണമടക്കം 57 മെഡലുകൾ നേടിയ ഹരിയാന മൂന്നാം സ്ഥാനത്തുമാണ്. 10 സ്വർണമടക്കം 21 മെഡലുകൾ നേടിയ കേരളം മെഡൽ പട്ടികയിൽ ആറാം സ്ഥാനത്താണ്.**

✪✪✪

**അരുണാചൽ പ്രദേശിലെ യൂപ്പിയയിൽ SAFF അണ്ടർ19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഗ്രൂപ്പ് B  ജേതാക്കളായി, ഇന്ത്യ സെമിയിൽ പ്രവേശിച്ചു. ഇന്നലെ, നേപ്പാളിനെ എതിരില്ലാത്ത നാല് ഗോളുകൾക്ക് പരാജയെപ്പടുത്തിയാണ് ഇന്ത്യ ഗ്രൂപ്പിൽ ഒന്നാമതെത്തിയത്.**

**മറ്റന്നാൾ സെമി ഫൈനലിൽ ഗ്രൂപ്പ് A യിലെ രണ്ടാം സ്ഥാനക്കാരായ മാലിദ്വീപിനെ ഇന്ത്യ നേരിടും.**

✪✪✪

**കുടുംബശ്രീയുടെ പന്ത്രണ്ടാമത് ദേശീയ സരസ് മേള കോഴിക്കോട്ട് സമാപിച്ചു. ഗ്രാമീണ സംരംഭകരുടെ സംസ്കാരവും, തനിമയും , രുചിയും ഒത്തു ചേർന്ന 12 ദിവസത്തെ മേള ജനപങ്കാളിത്തം കൊണ്ട് വൻവിജയമായി മാറി. ഉത്പന്ന - വിപണന മേളയിൽ കോഴിക്കോട്ടെ ഇന്ദ്രനീലം അയൽക്കൂട്ടത്തിന്റെ ഹസ്ബി സ്പൈസസ് മികച്ച സ്റ്റാളിന് ഏർപ്പെടുത്തിയ പുരസ്കാരം നേടി.  ഇതര സംസ്ഥാന വിഭാഗത്തിൽ ഗോവയിലെ ഹംസ ഡ്രൈ ഫ്ലവേഴ്സ് യൂണിറ്റിനാണ് പുരസ്കാരം.  ഫുഡ് കോർട്ടിലെ മികച്ച സ്റ്റാളായി കോഴിക്കോട്ടെ സ്നേഹിത യൂണിറ്റിനെയും, ഇതര സംസ്ഥാന വിഭാഗത്തിൽ സിക്കിമിലെ സൻജോക്ക് സ്വയംസഹായ സംഘത്തിന്റെ യൂണിറ്റിനെയും തിരഞ്ഞെടുത്തു.**

✪✪✪

**തിരുവല്ലയിലെ ബിവറേജസ് ഔട്ട്ലെറ്റും, ഗോഡൗണും ഇന്നലെ രാത്രി എട്ടു മണിയോടെയുണ്ടായ തീപിടുത്തത്തിൽ പൂർണമായി നശിച്ചു.  കെട്ടിടത്തിന്റെ പിൻവശത്തെ വെൽഡിംഗ് ജോലിക്കിടെ തീ പടർന്നതാകാനാണ് സാധ്യതയെന്നാണ് പ്രാഥമിക നിഗമനം. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.  തീ പടരുന്നതു കണ്ട് ജീവനക്കാർ ഓടിരക്ഷപ്പെട്ടു. തിരുവല്ല, തകഴി, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ നിന്നെത്തിയ അഗ്നിശമന യൂണിറ്റുകളാണ് തീ നിയന്ത്രണ വിധേയമാക്കിയത്.**

✪✪✪

കോഴിക്കോട് ബാലുശ്ശേരി പൂനൂരിൽ രണ്ട് കുട്ടികൾ ഇന്നലെ വൈകീട്ട് കുളത്തിൽ മുങ്ങി മരിച്ചു. മുഹമ്മദ് ഫർഹാൻ, മുഹമ്മദ് അബൂബക്കർ എന്നിവരാണ് മരിച്ചത്. മൃതദേഹങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലക്ക് മാറ്റി.

✪✪✪

കണ്ണൂർ പൊലീസ് മൈതാനിയിലെ എന്റെ കേരളം പ്രദർശന വിപണനമേള വൈകിട്ട് സമാപിക്കും. സമാപന സമ്മേളനം ഡോ. V. ശിവദാസൻ MP ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മേളയിലെ ജേതാക്കൾക്ക് സമ്മാനം വിതരണം ചെയ്യും.

✪✪✪

പെരിന്തൽമണ്ണയിൽ വിസ്ഡം സ്റ്റുഡൻസ് കോൺഫറസ് ലഹരിക്കെതിരെ സംഘടിപ്പിച്ച സമ്മേളനം പൊലീസ് ഇടപെട്ട് അലങ്കോലപ്പെടുത്തിയെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ജനാധിപത്യവിരുദ്ധവും പ്രതിഷേധാർഹവുമാണ് നടപടിയെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

കണ്ണൂരിലെ മാടായി റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നാലു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പഴയ റസ്റ്റ് ഹൗസ് സമുച്ചയം സംരക്ഷിച്ചുകൊണ്ടായിരിക്കും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.

✪✪✪

പഹൽഗാം സംഭവത്തിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലയിൽ മുൻകൂർ അനുമതിയില്ലാതെ ഡ്രോണോ, ആളില്ലാതെ പ്രവർത്തിക്കുന്ന ആകാശ യാനങ്ങളോ പ്രവർത്തിപ്പിക്കുന്നത് ജില്ലാകളക്ടർ ഒരാഴ്ചത്തേക്ക് നിരോധിച്ചു. പടക്കങ്ങളുടെയും സ്ഫോടക വസ്തുക്കളുടെയും വിൽപനയും, വാങ്ങലും, ഉപയോഗവും ഇതോടൊപ്പം തടഞ്ഞിട്ടുണ്ട്.

✪✪✪

പുതിയാപ്പ ഹാർബറിൽ നിന്ന് മീൻപിടിത്തത്തിന് പോയി കടലിൽ കുടുങ്ങിയ ബോട്ടിലെ 11 മത്സ്യത്തൊഴിലാളികളെ മറൈൻ എൻഫോഴ്സ്മെന്റ് വിങ് രക്ഷപ്പെടുത്തി. ബോട്ട് തീരത്ത് എത്തിക്കുകയും ചെയ്തു.

✪✪✪